(സി) പ്രസ്തുത ബ്ലോക്കുകളിൽ ഭരണാനുമതി ലഭിച്ച റോഡുകളിൽ പുനരുദ്ധാരണം നടത്തിയ റോഡുകൾ, ടെണ്ടർ വിളിച്ച റോഡുകൾ, റീടെണ്ടർ വിളിച്ച റോഡുകൾ, ടെണ്ടർ വിളിച്ചിട്ടും നടപടി പൂർത്തീകരിക്കാത്ത റോഡുകൾ എന്നിവ അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.*

(ഡി) ടെണ്ടർ നടപടി പൂർത്തീകരിക്കാത്ത റോഡുകൾക്ക് നിലവിലുള്ള ഭരണാനുമതി റദ്ദ് ചെയ്ത്, പുതിയ ഭരണാനുമതിയുടെ ആവശ്യമില്ല.

(ഇ) 2010-2011 വർഷത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം തലശ്ശേരി, കൂത്തുപറമ്പ് ബ്ലോക്കുകളിൽ നിന്ന് പുതുതായി ശിപാർശ ചെയ്ത റോഡുകളുടെ വിശദാംശം അനുബന്ധം-4 ആയി ചേർത്തിരിക്കുന്നു.*

പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കിയ പി.എം.ജി.എസ്.വൈ. പദ്ധതി

150(358) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പേരാമ്പ്ര മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തിയായെന്ന് പേരു സഹിതം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പേരാമ്പ്ര മണ്ഡലത്തിൽ 10 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പേരാമ്പ്ര മണ്ഡലത്തിൽ താഴെപ്പറയുന്ന 7 പ്രവൃത്തികൾ പൂർത്തീകരിച്ചു:

1. മട്ടാനോട്(കരികണ്ടൻപാറ)-അമ്പായപ്പാറ(കൊറോറ പാറ)
2. മുതുകാട് -മുതുകാട് കോളനി
3. പാലേരി(പന്തിരിക്കര) -മുണ്ടത്തടം (ഗോപുരത്തിലിടം)
4. കായണ്ണബസാർ -കോളിക്കുന്ന്
5. വിളയാട്ടുകണ്ടിമുക്ക്-ആവടുക്ക
6. ഒറ്റക്കണ്ടം -തോടത്താകണ്ടി
7. കൽപ്പത്തൂർ-എടുത്തുംഭാഗം

കുന്നമംഗലം മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ

151(359) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കുന്ദമംഗലം നിയോജക മണ്ഡലത്തിൽ പൂർത്തീകരിച്ച പി.എം.ജി.എസ്.വൈ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ :

(ബി) ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ച പി. എം. ജി. എസ്. വൈ. പ്രവർത്തികൾ:

റോഡിന്റെ പേര്	ഫേസ്	പാക്കേജ് നമ്പർ
പരിയങ്ങാട്-അരിയോറമ്മൽ	6	08-13
കണ്ടിയിൽ-ചേനോത്ത് താഴം	6	08-13

(ബി) റോഡിന്റെ പേര്	ചെലവഴിച്ച തുക(ലക്ഷത്തിൽ)
പരിയങ്ങാട്-അരിയോറമ്മൽ	54.92
കണ്ടിയിൽ-ചേനോത്ത് താഴം	104.85

(സി) ഇനിയും പൂർത്തിയാക്കുവാനുള്ള പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി

പ്രവൃത്തിയുടെ പേര്	നിലവിലുള്ള അവസ്ഥ
കുളിമാട്-അടിപ്പറമ്പ്	പ്രവൃത്തി ആരംഭിച്ചിട്ടില്ല.
മാവൂർ-അമ്പിലേരി	ജി.എസ്.ബി.പൂർത്തീകരിച്ചു.
കുമ്മങ്കോട്താഴം-തെറ്റത്ത് താഴം (തച്ചറോത്ത് താഴം)	ജി എസ് ബി പുരോഗമിച്ചു വരുന്നു.

കുളിമാട് താത്തൂർ-അടിപ്പറമ്പ് റോഡിന്റെ പ്രവൃത്തിക്കായി അനുവദിച്ച തുക

152(360) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എം. ജി. എസ്. വൈ. സ്കീമിൽ ഉൾപ്പെടുത്തി കുന്ദമംഗലം ബ്ലോക്കിലെ കുളിമാട് - താത്തൂർ - അടിപ്പറമ്പ് റോഡിന്റെ പ്രവൃത്തിക്കായി എത്ര രൂപ അനുവദിച്ചുവെന്നും കരാർ നല്കിയത് എന്നാണെന്നും വ്യക്തമാക്കുമോ ;

(ബി) നിശ്ചിത സമയം കഴിഞ്ഞിട്ടും പ്രസ്തുത റോഡിന്റെ പ്രവൃത്തി ആരംഭിക്കാനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly